2051

# പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച പ്രളയപാഠങ്ങൾ

*ആമുഖം
*പ്രളയവും കേരളവും
*പ്രളയം കേരളത്തെ പിടിച്ചുലച്ചത് എങ്ങനെ?
*പരിസ്ഥിതി സംരക്ഷണവും കേരളവും.
*പ്രളയാനന്തരം കേരളം എന്ത് പഠിച്ചു?
*കേരളത്തിന്റെ ഭൂപ്രകൃതിയെ സംരക്ഷിക്കാം.
*ഉപസംഹാരം

## ആമുഖം

"പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ചും,
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും"
- വള്ളത്തോൾ

കേരളം, നമ്മുടെ കേരളത്തെക്കുറിച്ച് മഹാനായ വള്ളത്തോൾ പാടിയ ഏതാനും ചില വരികളാണിത്. പ്രകൃതിസൗന്ദര്യംകൊണ്ടും, സാംസ്കാരികമുന്നേറ്റം കൊണ്ടും നാം കേരളീയർ ഏറെ മുന്നിലാണ്.

ആമസോൺ കാടുകളുടേതുപോലുള്ള
കാലാവസ്ഥ തന്നെയാണ് നമ്മുടെ കേരളത്തിലും
കണ്ടുവരുന്നത് എന്ന് പഠനങ്ങൾ തെളിയിക്കുന്നു.
പ്രകൃതിയെന്നും, മരങ്ങളെന്നും മറ്റും പറഞ്ഞ്
ബോധവത്കരണ പരിപാടികൾ നടത്താനും,
ആൾക്കൂട്ടങ്ങളെ വിളിച്ചുചേർക്കാനും മാത്രമാണോ
മലയാളികളുടെ മിടുക്ക്? അതോ, ഭാരതത്തിലെ ആദ്യ
സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനം എന്നത്
വെറും വാക്കുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതാണോ?
സ്വന്തം നാടിന്റെ പരിസ്ഥിതിയെക്കുറിച്ച് ചിന്തിക്കാൻ
താത്പര്യപ്പെടാത്തവൻ ഒരിക്കലും യഥാർത്ഥ
വിദ്യയുടെ മാധുര്യം അനുഭവിച്ചറിഞ്ഞവനായിരിക്കു-
കയില്ല. ഈ ഒരു സാഹചര്യത്തിൽ എങ്ങനെയാണ്
കേരളം പുരോഗമിച്ചുവെന്ന് നമുക്ക് പറയാൻ
സാധിക്കുക? ആഡംബരത്തിലും, അഹങ്കാരത്തിലും
ഭ്രമിച്ച മലയാളിസമൂഹത്തെ, തനിക്ക് മുൻപ്
ജീവിച്ചിരുന്ന ആളുകൾ ചെയ്തിരുന്നതുപോലെ,
പ്രകൃതിയെ സ്നേഹിച്ചും, സംരക്ഷിച്ചും മുന്നോട്ട്

പോരാടാനുള്ള ഒരു നാടിന് നൽകുകയാണ് ഈ കഴിഞ്ഞ പ്രളയം ചെയ്തത്. അതിനാൽ ഈ കഴിഞ്ഞ പ്രളയം നമുക്ക് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് എന്തെല്ലാം പാഠങ്ങളാണ് നൽകിയിരിക്കുന്നതെന്ന് ആഴത്തിൽ ചിന്തിച്ചേ മതിയാവുകയുള്ളൂ.

## പ്രളയവും കേരളവും

2018 ആഗസ്റ്റ് എട്ടിനും, അതിനുശേഷവും പെയ്ത മഴ നമ്മെ അടിമുടി വിറപ്പിക്കുന്നതു തന്നെയായിരുന്നു. പുഴകൾ കരകവിഞ്ഞൊഴുകി, പല കുന്നുകളും നാമാവശേഷമായി, വീടുകളിൽ വെള്ളം കയറിത്തുടങ്ങി, ഇപ്രകാരം ആ ദിനങ്ങളെ നാം എങ്ങനെ കഴിച്ചുകൂട്ടിയെന്ന് നമുക്ക് മാത്രമേ യഥാർത്ഥത്തിൽ അറിയുകയുള്ളൂ. പേമാരി കാരണം കേരളത്തിലൊട്ടാകെ തുറന്നുവിട്ട മുപ്പത്തിയഞ്ച് ജലസംഭരണികൾ നമ്മുടെയൊക്കെ ഉള്ളിൽ സൃഷ്ടിച്ച പരിഭ്രാന്തി ഒട്ടും ചെറുതല്ല. സുമനസ്സുകരങ്ങളാലും, സ്വന്തജ്ജീവിതത്താലും ഒത്തുപിടിച്ച മലയാളിസമൂഹം ഈ ദുരന്തത്തിന്റെ ആദ്യദിനങ്ങൾ തള്ളിനീക്കിയത് ഏറെ പണിപ്പെട്ടാണ്

എന്നാൽ അതിനുശേഷം സംഭവിച്ചത് ഒരു മായാജാലം തന്നെയാണ്. സ്വന്തം സഹോദരങ്ങളാണ് ദുരിതമനുഭവിക്കുന്നത് എന്ന ബോധത്താൽ മലയാളിസമൂഹം ഒന്നാകെ ഉണർന്നു പ്രവർത്തിച്ചു. ആരുടേയും പ്രത്യേക പ്രേരണയോ, നിർബന്ധമോ ഇല്ലാതെ, കടലിനോട് യുദ്ധംചെയ്ത് നേടിയ ഉറച്ച മനസ്സുമായി മത്സ്യത്തൊഴിലാളികൾ രക്ഷകരായി വന്നുചേർന്നു. ശാരീരികക്ഷമതയാലും, സേവനമനോഭാവത്താലും നമ്മുടെ കരസേനയും, നാവികസേനയും, പോലീസും മലയാളിസമൂഹത്തെ ആകെ രക്ഷപ്പെടുത്തി. യഥാർത്ഥത്തിൽ അവർ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നത് ദുരിതം അനുഭവിച്ചിരിക്കുകയായിരുന്ന നിർധനരായ സമൂഹത്തെ മാത്രമല്ല, സ്വന്തം സഹോദരങ്ങളുടെ ദുഃഖത്തിലും, കഷ്ടപ്പാടിലും വിതുമ്പിയിരിക്കുകയായിരുന്ന ദുരന്തബാധിതരല്ലാത്ത മറ്റ് കേരളീയരെ കൂടിയാണ്. ഒരുപക്ഷെ ഇത്തരമൊരു ദുരന്തം കേരളത്തിൽ അല്ല സംഭവിച്ചിരുന്നതെങ്കിൽ ~~[illegible]~~ നമ്മളിൽ പലരും ഇന്ന് ഉണ്ടാകുമായിരുന്നില്ല. അതിനാൽ

കഴിഞ്ഞ പ്രളയം നമ്മുടെ ഏവരുടേയും ഉള്ളിൽ ഒരു മായാത്ത ഓർമ്മയായി നിലനിൽക്കും എന്ന കാര്യം സുനിശ്ചിതമാണ്.

## പ്രളയം കേരളത്തെ പിടിച്ചുലച്ചത് എങ്ങനെ?

ഇതുപോലുള്ള ഒരു പ്രകൃതിദുരന്തം നാം മലയാളികൾ ഇന്നേവരെ നേരിട്ടിട്ടില്ല എന്നതാണ് അതുമായി ബന്ധപ്പെട്ട ആസൂത്രണം ചെയ്യാൻ നാം ഏറെ കഷ്ടപ്പെട്ടത്. എങ്കിലും അടിയന്തരമായി കേരളത്തിലാകമാനം ആയിരക്കണക്കിന് ദുരിതാശ്വാസ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇത്രയും ദുരിതാശ്വാസ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടപ്പോൾ ദുരന്തത്തിന്റെ തീവ്രത നാം ഏവരുടേയും മുന്നിൽ ദൃശ്യമാക്കപ്പെട്ടു. ~~മുന്ന~~ മുന്നൂറോളം ആളുകളുടെ മരണവും, പതിനഞ്ചോളം ആളുകളുടെ തിരോധാനവും നാം ഏവരേയും പിടിച്ചുകുലുക്കി. കരകവിഞ്ഞൊഴുകുന്ന നദികളും, അതിന്റെ അനന്തരഫലമായുണ്ടായ ചില പ്രദേശങ്ങളുടെ ഒറ്റപ്പെടലും ആളുകളെ കൂടുതൽ പരിഭ്രാന്തരാക്കി.

ശക്തമായ കാറ്റും മഴയും കൊണ്ടുണ്ടായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഗതാഗതസൗകര്യവും മറ്റും താറുമാറാക്കി. ഇടുക്കി ജലസംഭരണിയുടെ ഷട്ടറുകൾ തുറന്നപ്പോൾ, ചെറുതോണി പാലത്തെ വെള്ളം വിഴുങ്ങിയപ്പോൾ, ആലുവ വെള്ളത്താൽ ചുറ്റപ്പെട്ടപ്പോൾ പരിത്രാണരായത് അങ്ങ് കാസർകോടുവരെയുള്ള മലയാളി സഹോദരങ്ങളായിരുന്നു. കഴുത്തോളം വെള്ളംകൊണ്ട് നിറഞ്ഞ് വിങ്ങിക്കരയുന്ന പാവം മലയാളികളുടെ ചിത്രങ്ങൾ സാമൂഹ്യമാധ്യമങ്ങളിലൂടെ പടർന്നുകൊണ്ടിരുന്നപ്പോൾ ഉള്ളുലഞ്ഞത് മനുഷ്യത്വത്തിന്റെ കണികയുള്ള ഓരോ സാമാന്യ മനുഷ്യന്റെയും മനസ്സാണ്, അവന്റെ ഹൃദയമാണ്. ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്കുള്ള അവശ്യസാധനങ്ങൾ പോലും പലയിടങ്ങളിലും നമുക്ക് എത്തിക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സമയം ഉണ്ടായ ഉത്കണ്ഠ എത്രവലുതായിരുന്നു എന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെട്ട ഓരോ വ്യക്തിക്കും അറിയാം.

## പരിസ്ഥിതി സംരക്ഷണവും കേരളവും

"മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകക്കാന്തിയിൽ മുങ്ങിമുങ്ങി
കരളും മിഴിയും കവർന്നുമിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി"

-ചങ്ങമ്പുഴ

നമ്മുടെ കേരളത്തിന്റെ ഗ്രാമഭംഗിയെക്കുറിച്ച് മലയാളത്തിന്റെ ഓർഫ്യൂസ് എന്നറിയപ്പെടുന്ന ചങ്ങമ്പുഴ രചിച്ച ഏതാനും ചില വരികളാണിത്. എന്നാൽ ഇപ്പോൾ കേരളത്തിൽ എത്ര ഗ്രാമങ്ങൾ അതേ പ്രൗഢിയോടും, പ്രതാപത്തോടും കൂടി നിലനിൽക്കുന്നുണ്ടാവും? ആഡംബര ജീവിതത്തിനോടുള്ള അമിതമായ ആസക്തി 'നഗരവത്കരണം' എന്ന പ്രക്രിയയിലേക്ക് കേരളീയനെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നു. ഒരു നാടിന്റെ രക്തധമനികൾക്കുതുല്യം നിലനിന്ന കാവുകളും, കുളങ്ങളും കോൺക്രീറ്റ് അംബരചുംബികൾക്കായി പണയംവെച്ചു. സംസ്കാരത്തിന്റെ ഈറ്റില്ലം എന്നു വിശേഷിപ്പിക്കപ്പെടുന്ന നദികളെ കൈയേറിയും, മണലൂറ്റുകൊണ്ട് നശിപ്പിച്ചും

അവൻ പരിഷ്കാരത്തിന്റെ ആന്ധതയിലേക്ക് ചുവടുവെച്ചുകൊണ്ടിരുന്നു. തെങ്ങിൻതടിയിലുള്ള അലമാരകൾക്കും, കാഞ്ഞിരംകൊണ്ടുള്ള കട്ടിലുകൾക്കുമായി അവൻ കാടിനേയും നശിപ്പിച്ചുകൊണ്ടിരുന്നു. അവസാനം നാടിന്റെ പ്രകൃതിവിഭവങ്ങളാകെ നശിക്കാറായി എന്ന് മനസ്സിലാക്കിയപ്പോൾ 'കേരളത്തെ രക്ഷിക്കൂ' എന്ന മുദ്രാവാക്യവുമായി അവൻ തെരുവിലേക്കിറങ്ങി. നെൽവയലുകളെ നികത്തിയും ഏതാനും അടികളുടെ വ്യത്യാസത്തിൽ കുഴൽക്കിണറുകൾ സ്ഥാപിച്ചുകൊണ്ടും അവൻ പ്രകൃതിയുടെ മാറിലേക്ക് കഠാരകൾ കുത്തിയിറക്കികൊണ്ടിരുന്നു. ഇതേ അവസ്ഥ വളരെ വ്യക്തമായി തന്നെ നമ്മുടെ കേരളത്തിലും ദൃശ്യമാകുന്നു. കഴിഞ്ഞ വർഷം ഒരുകോടി മരങ്ങൾ നമ്മൾ വെച്ചുപിടിപ്പിച്ചിരിക്കാം, എന്നാൽ അതിൽ എത്ര മരങ്ങൾ നാം ഇപ്പോഴും സംരക്ഷിക്കുന്നുണ്ട്? ഇവിടെയാണ് കേരളത്തിൽ നിലനിൽക്കുന്ന പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചുള്ള അനാസ്ഥ വ്യക്തമാകുന്നത്.

## പ്രളയാനന്തരം കേരളം എന്ത് പഠിച്ചു?

Deputy Director of Education

പ്രളയസമയത്തും, അതിനുശേഷവും നാം ഒരുപാട് കാര്യങ്ങൾ പഠിച്ചു. കേരളത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചോ, പരിസ്ഥിതി വിശേഷങ്ങളെക്കുറിച്ചോ ഒട്ടും വ്യാകുലരല്ലാതിരുന്ന മലയാളിസമൂഹം അതിനെക്കുറിച്ചെല്ലാം അറിയാൻ തത്പരരായി. ഭൂവിനിയോഗത്തിന്റെ പോരായ്മകളും, പശ്ചിമഘട്ടങ്ങളിൽ നടക്കുന്ന കയ്യേറ്റങ്ങളും ചൂടുപിടിച്ച ചർച്ചാവിഷയങ്ങളായി മാറി. പശ്ചിമഘട്ടത്തെക്കുറിച്ചും, അതിൽ പാലിക്കേണ്ട ചട്ടങ്ങളെപ്പറ്റിയും പരാമർശിച്ച ഗാഡ്ഗിൽ റിപ്പോർട്ടും, കസ്തൂരിരംഗൻ റിപ്പോർട്ടും വലിയ തരംഗങ്ങൾ സൃഷ്ടിച്ചു. അത്തരം പഠനങ്ങളുടെ പ്രാധാന്യം എന്തെന്ന് ഓരോ മലയാളിയും തിരിച്ചറിഞ്ഞ നാളുകളായിരുന്നു അത്. കേരളത്തിൽ പൊതുവെ നടക്കുന്ന അശാസ്ത്രീയമായ കെട്ടിടനിർമ്മാണം. ശാസ്ത്രീയമാക്കേണ്ടതിനെക്കുറിച്ച് നാം ഗവേഷണങ്ങൾ വരെ നടത്താൻ തുടങ്ങി.

ion, Palakka

ഇവിടെ ആവശ്യം മതിലുകളല്ല, പകരം പാലങ്ങളാണെന്ന തിരിച്ചറിവ് ഒരുപക്ഷെ നമ്മുടെയുള്ളിൽ പൊട്ടിപ്പുറപ്പെട്ടത് ഈ ദുരന്തത്തിനു ശേഷമായിരിക്കാം. മലപ്രദേശങ്ങ-ളിലും, മറ്റ് ഉയർന്ന സ്ഥലങ്ങളിലും കെട്ടിപ്പണിത നിരവധി നിർമ്മിതികൾ എങ്ങനെ മറ്റ് താഴ്ന്ന ഭാഗങ്ങളിലേക്കു സ്വാധീനം വരുത്തും എന്ന് നമ്മൾ മനസ്സിലാക്കി. മരങ്ങളും, മറ്റ് കണ്ടൽക്കാടുകളും വെട്ടിനശിപ്പിച്ചാൽ അത് അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവിൽ മാത്രമല്ല മാറ്റം വരുത്തുകയെന്നും, അവയെ തൊട്ടു കളിച്ചാൽ ചിലപ്പോൾ വീടും വെള്ളത്തിലാകുമെന്നും നമ്മൾ മനസ്സിലാക്കി. ഗ്രാനൈറ്റുകൾക്കും, മാർബിളുകൾക്കുമായി നാം നടത്തുന്ന ഖനനങ്ങൾ ചിലപ്പോൾ മനുഷ്യജീവനുകൾവരെ കവർന്നെടുക്കാം എന്ന തിരിച്ചറിവ് ഏറെ മഹത്തരമായിരുന്നു. ഇപ്രകാരം നാം നേടിയ പാഠങ്ങൾ ഇനിയും നമുക്ക് പ്രാവർത്തികമാക്കാമെന്നുതന്നെ പ്രതീക്ഷിക്കാം.

## കേരളത്തിന്റെ പ്രകൃതിയെ സംരക്ഷിക്കാം

കേരളത്തിന്റെ പ്രകൃതി ഏറെ വിശിഷ്ടമാണ്. അതിനെ ഏറെ കരുതലോടെ നാം സംരക്ഷിച്ചേ മതിയാകൂ. നെതർലന്റ്സ് എന്ന രാജ്യം മുന്നോട്ടുവെച്ച 'റൂം ഫോർ റിവർ' അഥവാ 'പുഴയ്ക്കായി ഇടം' എന്ന പദ്ധതി കേരളത്തിലും കൊണ്ടുവരേണ്ടതുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം, പശ്ചിമഘട്ടത്തിൽ ഏതാനും ചില ചട്ടങ്ങൾ കർശനമായ പാലിക്കപ്പെടണം. അവയിൽ ചിലത്,

* അനാവശ്യമായ ജലസംഭരണികളുടെ നിർമ്മാണം ഒഴിവാക്കുക.
* അനധികൃത ഖനന പ്രവർത്തനങ്ങൾ ഒഴിവാക്കുക.
* മലനിരകളിലൂടെ നിർമ്മാണപ്രവർത്തനങ്ങൾ ഒഴിവാക്കുക.

ഇത്തരം നടപടികൾ ഒരു ~~പക്ഷ~~ പക്ഷേ കേരളത്തെ തന്നെ സംരക്ഷിക്കുന്നതിൽ സഹായിച്ചേക്കാം. അതിനാൽ അവയ്ക്ക് വലിയ പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു.

## ഉപസംഹാരം

"ജനനി ജന്മഭൂമിശ്ച
സ്വർഗ്ഗാദപി ഗരീയസി"

-രാമായണവാക്യം

ജനിച്ച ഭൂമി ജനനിയാണ്. അത് സ്വർഗ്ഗത്തെക്കാൾ മഹത്തരവും. നാം ജനിച്ച നമ്മുടെ കേരളവും ഒരു സ്വർഗ്ഗം തന്നെയാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ ചെകുത്താന്റെ സ്വന്തം നാടാക്കിയത് നാം മലയാളികൾ തന്നെയാണ്. പ്രളയാനന്തരം നാം പഠിച്ച പരിസ്ഥിതി പാഠങ്ങൾ ഇനിയൊരിക്കലും വിസ്മരിക്കാനുള്ളതല്ല. ആയതിനാൽ അവ ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ നാടിനെ സുസ്ഥിരവികസനത്തിന്റെ പാതയിലൂടെ നമുക്കേവർക്കും ഒന്നുചേർന്ന് നയിക്കാം.